# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4045

## 12/11/2019 - ലെ മറുപടിക്ക്

### സാമ്പത്തിക പ്രതിസന്ധിയും വാർഷിക പദ്ധതികളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ശ്രീ.കെ.സി.ജോസഫ്<br>ശ്രീ. അനിൽ അക്കര<br>ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. അൻവർ സാദത്ത് | ഡോ. റ്റി. എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
| എ) കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ വെളിച്ചത്തിൽ കഴിഞ്ഞവർഷത്തെ പോലെ വാർഷിക പദ്ധതി അടങ്കൽ വെട്ടിക്കുറയ്ക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ; | വാർഷിക പദ്ധതിച്ചെലവ് വെട്ടിച്ചുരുക്കുന്നത് സംബന്ധിച്ച് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ട് പദ്ധതി പദ്ധതിയേതര ചെലവുകളിൽ അനിവാര്യമായ നിയന്ത്രണം ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. |
| ബി) കഴിഞ്ഞ സാമ്പത്തിക വർഷം വാർഷിക അടങ്കലിൽ എത്ര ശതമാനം കുറവ് വരുത്തിയിരുന്നു; വ്യക്തമാക്കാമോ; | കഴിഞ്ഞ സാമ്പത്തിക വർഷം വാർഷിക അടങ്കലിൽ 20% കുറവ് വരുത്തിയിരുന്നു. |
| സി) സർക്കാരിന്റെ വരുമാനം പ്രതീക്ഷിച്ച തോതിൽ ഉയരാത്തതിനാൽ ഈ വർഷം വളരെ കുറഞ്ഞ ശതമാനം തുക മാത്രമേ വാർഷിക പദ്ധതികളിൽ ചെലവിടാൻ കഴിഞ്ഞുള്ളൂ എന്നത് വസ്തുതയല്ലേ; | സർക്കാരിന്റെ പ്രതീക്ഷിത വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിലും കഴിഞ്ഞ വർഷം ഒക്ടോബർ മാസത്തെ 33.84 ശതമാനത്തെ അപേക്ഷിച്ച് ഈ വർഷം ഇതേ കാലയളവിൽ പദ്ധതിചെലവ് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒഴികെ) 41.91 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. |
| ഡി) സാമ്പത്തിക വർഷത്തിന്റെ ആദ്യ മാസങ്ങളിൽ ഏർപ്പെടുത്തിയ ട്രഷറി നിയന്ത്രണം വാർഷിക പദ്ധതികളെ ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | വാർഷിക പദ്ധതികളെ ബാധിച്ചിട്ടില്ല. |
| ഇ) അനിവാര്യമല്ലാത്ത പദ്ധതി ചെലവുകൾ ഉപേക്ഷിച്ച് വാർഷിക പദ്ധതി ചെലവ് നിയന്ത്രിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | 'എ' പിരിവിന്റെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ